**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3510** **14-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പിയിൽ ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുടെ റീജിയണൽ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പിയിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന, ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുടെ റീജിയണൽ ഓഫീസിന്റെ പ്രവർത്തനത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | പട്ടാമ്പി എസ്.എൻ.ജി.എസ്.കോളേജിൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റീജിയണൽ ഓഫീസ് എന്ന് മുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | 13.05.2022 തീയതിയിലെ സ.ഉ.(സാധാ)നം.687/2022/HEDNനമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഡോ.റസീന.കെ.കെ., അസിസ്റ്റന്റ് പ്രൊഫസറെ റീജിയണൽ സെന്ററിന്റെ ഡയറക്ടറായി നിയമിക്കുകയും 03.06.2022 ൽ ചുമതല ഏറ്റെടുക്കുകയും ചെയ്തു. |
| (സി) | പ്രസ്തുത ഓഫീസിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഒരോ തസ്തികയിലും എത്ര വീതം ജീവനക്കാരെയാണ് നിയമിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) | ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായി താത്കാലികാടിസ്ഥാനത്തിൽ ഒരു കമ്പ്യൂട്ടർ അസിസ്റ്റന്റ്/ഡേറ്റാ എൻട്രി ഓപ്പറേറ്ററേയും ഒരു മൾട്ടി ടാസ്കിംഗ് സ്റ്റാഫ് / ഓഫീസ് അറ്റൻഡന്റിനെയും എംപ്ലോയ്മെന്റ് വഴി നിയമിക്കുന്നതിനായി നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ